# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/30/2017 പത്രക്കുറിപ്പ് 2017 ഫെബ്രുവരി 9

**അപേക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എം.എ/ എം.എസ്‌സി/ എം.കോം/ എം.സി.ജെ/ എം.എം.എച്ച്/എം.എസ്.ഡബ്ല്യൂ/എം.റ്റി.എ (നോൺ സി.എസ്.എസ–മേഴ്സിചാൻസ്–2001 മുതലുള്ള അഡ്മിഷൻ/സപ്ലിമെന്ററി–2012 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 28 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 15 വരെയും 50 രൂപ പിഴയോടെ 16 വരെയും 500 രൂപ പിഴയോടെ 20 വരെയും സ്വീകരിക്കും. അപേക്ഷകർ 150 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർക്ക് നേരിട്ട് സമർപ്പിക്കണം.

നാലാം വർഷ ബി.എസ്‌സി (എം.ആർ.റ്റി) പ്രൊജക്റ്റ് ഇവാല്യുവേഷൻ & വൈവാ വോസി പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 14 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ പിഴയോടെ 17 വരെയും അപേക്ഷിക്കാം

**കമ്പ്യൂട്ടർ പ്രോഗ്രാമർ ഒഴിവ്.**

എം.ജി.സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ജൂനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ, സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ നിർദ്ദിഷ്ട അപേക്ഷ, മാർക്ക്‌ലിസ്റ്റ്, പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം) മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം – 686 560 എന്ന വിലാസത്തിൽ ഫെബ്രുവരി 23 നകം അപേക്ഷിക്കുക. വിശദ വിവരങ്ങൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ.

**എം.ജി കലോത്സവം – ഓൺലൈൻ രജിസ്ട്രേഷൻ ഇന്നുവരെ (ഫെബ്രുവരി 10)**

എം.ജി സർവ്വകലാശാലാ യൂണിയന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 20 മുതൽ 24 വരെ കോഴഞ്ചേരിയിൽ വച്ച് നടക്കുന്ന കലോത്സവത്തിന് ഓൺലൈനായി ഇന്ന് (ഫെബ്രുവരി 10) രാത്രി 12 മണി വരെ രജിസ്റ്റർ ചെയ്യാം. അതിനുശേഷം ഫെബ്രുവരി 15 വരെ പ്രിൻസിപ്പലിന്റെ പ്രത്യേക അനുമതിയോടെ വേണം അപേക്ഷിക്കാൻ. ഫോൺ നമ്പർ : 9744 121 987, 9544 648 954.

**എം.ജി യിൽ ത്രിദിന അന്താരാഷ്ട്ര നാനോശാസ്ത്ര സംഗമം ഇന്ന് (ഫെബ്രുവരി 10) മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന ലോകപ്രശസ്തരായ നാനോസയൻസ് ശാസ്ത്രജ്ഞരുടെ മൂന്നു ദിവസത്തെ സമ്മേളനം വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഇന്ന് (ഫെബ്രുവരി 10) ന് രാവിലെ 8.30 ന് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. 300 ലധികം ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന സമ്മേളനത്തിന്റെ ഭാഗമായി പ്രഭാഷണങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ്സെഷൻ, ലാബ് വിസിറ്റ്, പോസ്റ്റർ പ്രദർശനം എന്നിവയുണ്ടാകും. പ്രൊഫ :

സാബു തോമസ്, ഡോ : നന്ദകുമാർ കളരിക്കൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകും. ഫോൺ : 9747 099 541, ഇ.മെയിൽ nanomaterials@macromol.in.

**പ്രകൃതിയോട് ചേർന്ന ജീവിതശൈലിയാണ് കാൻസറിന് യഥാർത്ഥ പ്രതിവിധി : പ്രൊഫ : ഭരത്. ബി. അഗർവാൾ**

പ്രകൃതിയോട് ഇണങ്ങിയ ജീവിതശൈലി, വിശിഷ്യ സുഗന്ധവ്യഞ്ജനങ്ങൾ അടങ്ങിയ ഭക്ഷണരീതിയാണ് കാൻസറിന് യഥാർത്ഥ പ്രതിവിധിയെന്ന് പ്രശസ്ത കാൻസർ പ്രതിരോധ ഗവേഷണ ശാസ്ത്രജ്ഞൻ പ്രൊഫ : ഭരത്. ബി. അഗർവാൾ. മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിച്ച അന്താരാഷ്ട്ര പ്രഭാഷണത്തിൽ പങ്കെടുത്ത് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. യു.എസ്.എ യിലെ ആന്റി ഇൻഫ്ലാമേറ്റിംഗ് റിസേർച്ച് സെന്റർ ഡയറക്ടറും, എച്ച് – ഇൻഡക്സ് 167 നേടിയ ഗവേഷണ പ്രതിഭയുമായ പ്രൊഫ അഗർവാളിനെ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ പൊന്നാടയണിയിച്ച് ആദരിച്ചു. പ്രൊഫ : സാബുതോമസ്, ഡോ : നന്ദകുമാർ കളരിക്കൽ, ഡോ : പ്രകാശ്കുമാർ, പ്രൊഫ : ലത, പ്രൊഫ : ഇന്ദുലേഖ, ഡോ : ശ്രീരാജ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

ലോക പ്രശസ്ത കാൻസർ പ്രതിരോധ ഗവേഷണ ശാസ്ത്രജ്ഞൻ പ്രൊഫ : ഭരത്. ബി. അഗർവാളിനെ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ പൊന്നാടയണിയിക്കുന്നു. ഡോ : ശ്രീരാജ്, പ്രൊഫ : സാബുതോമസ്, പ്രൊഫ : ലത എന്നിവർ സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**